**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3038** **28-02-2023 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷൻ അധ്യക്ഷയുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ നിലവിലെ അധ്യക്ഷ ശമ്പളയിനത്തിൽ നാളിതുവരെ കൈപ്പറ്റിയ ആകെ തുക എത്രയാണെന്നും സിറ്റിംഗ് ഫീസ്, ടി.എ., മറ്റ് ആനുകൂല്യങ്ങൾ എന്നിങ്ങനെ ആകെ കൈപ്പറ്റിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ നിലവിലെ അദ്ധ്യക്ഷ ശമ്പളയിനത്തിൽ ആകെ 67,37,662/- രൂപയും സിറ്റിംഗ് ഫീസ് ഇനത്തിൽ 52,000/- രൂപയും യാത്രാ അലവൻസ് ഇനത്തിൽ 1,26,498/- രൂപയും ന്യൂസ് പേപ്പർ അലവൻസ് ഇനത്തിൽ 21,990/- രൂപയും നാളിതുവരെ കൈപ്പറ്റിയിട്ടുണ്ട്. |
| (ബി) | നിലവിലെ യുവജന കമ്മീഷൻ അധ്യക്ഷയ്ക്ക് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് വാഹനമാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; | (ബി) | യുവജന കമ്മീഷന്റെ നിലവിലെ അദ്ധ്യക്ഷ ഔദ്യോഗിക ചുമതലയേറ്റ സമയത്ത് ടൊയോട്ട ഇന്നോവ വാഹനം ഔദ്യോഗിക വാഹനമായി അനുവദിച്ചിരുന്നു. എന്നാൽ 13/02/2021 ന് സംഭവിച്ച അപകടത്തെ തുടർന്ന് ടി വാഹനം ഉപയോഗയോഗ്യമല്ലാത്ത നിലയിലായി. ടി വാഹനം റിപ്പയർ ചെയ്യുന്നത് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നതിനാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ചെയർപേഴ്സന്റെ ആവശ്യങ്ങൾക്കായി നിലവിൽ കരാർ അടിസ്ഥാനത്തിലുള്ള വാഹനമാണ് ഉപയോഗിച്ചു വരുന്നത്. |
| (സി) | പ്രസ്തുത വാഹനത്തിന് നാളിതുവരെ ഇന്ധനച്ചെലവ് ഇനത്തിൽ അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത വാഹനത്തിന് നാളിതുവരെ അനുവദിച്ച ഇന്ധന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സംസ്ഥാന യുവജന യുവജന കമ്മീഷന്റെ നിലവിലെ അധ്യക്ഷയുടെ ഔദ്യോഗിക വാഹനത്തിന് നാളിതുവരെ അനുവദിച്ച ഇന്ധന തുക സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | കാലയളവ് | അനുവദിച്ച തുക (രൂപ) |
|---|---|---|
| 1 | 2016 ഒക്ടോബർ- 2017 മാർച്ച് | 84,604 |
| 2 | 2017 ഏപ്രിൽ - 2018 മാർച്ച് | 2,11,586 |
| 3 | 2018 ഏപ്രിൽ - 2019 മാർച്ച് | 2,38,033 |
| 4 | 2019 ഏപ്രിൽ - 2020 മാർച്ച് | 2,48,276 |
| 5 | 2020 ഏപ്രിൽ - 2021 ഫെബ്രുവരി | 1,04,490 |

സെക്ഷൻ ഓഫീസർ